# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1627</u> 10/03/2020-ൽ മറുപടിക്ക്

## ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങളിലെ സംവരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **പിണറായി വിജയൻ (മുഖ്യ മന്ത്രി)** | |
| എ) | ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ലെന്ന പരാതി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ലഭിച്ച പരാതികൾ ഇൻസ്റ്റിറ്റ്യൂട്ടിന് അയച്ചുകൊടുത്തിട്ടുണ്ടോ; | എ) | പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിൽ തുടർ നടപടി തീരുമാനിച്ചിട്ടില്ല. |
| ബി) | പ്രസ്തുത പരാതികൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്രസർക്കാരിൽ നിന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | ബി) | ഇല്ല |
| സി) | കേരള സർക്കാർ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന് നിലവിൽ ആകെ എത്ര ഏക്കർ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്; ശ്രീചിത്രയ്ക്ക് വേണ്ടി സർക്കാർ തയ്യാറാക്കിയ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഡെവലപ്മെന്റ് സ്കീമിൽ നിന്നും ശ്രീചിത്ര ആവശ്യപ്പെട്ട സ്ഥലം സർക്കാർ നൽകിയിട്ടുണ്ടോ; എത്ര ഏക്കർ നൽകി; സ്ഥലം സൗജന്യമായിട്ടാണോ ലഭ്യമാക്കിയത്; വിശദമാക്കുമോ? | സി) | ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസ്സിൽ ഉൾപ്പെട്ട 3.154 ഏക്കർ ഭൂമി സൗജന്യമായി സർക്കാർ നൽകിയിട്ടുണ്ട്. ഒരു നിശ്ചിത തുക ഈടാക്കി 84 സെന്റ് ഭൂമി തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസ്സിലും , പൂജപ്പുര ബി. എം. ടി. വിങ്ങിൽ 20.72 ഏക്കർ ഭൂമി പാട്ട വ്യവസ്ഥയിലും കേരള സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ